പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1725 07.03.2018-ൽ മറുപടിക്ക്

**ഇ-ഹെൽത്ത് പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി. ദിവാകരൻ | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് ഇ-ഹെൽത്ത് പദ്ധതി ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്ത് ഇ-ഹെൽത്ത് പദ്ധതി ആരംഭിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത പദ്ധതി പ്രകാരം വ്യക്തികളുടെ എന്തെല്ലാം വിവരങ്ങളാണ് ശേഖരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | ബി) | പ്രസ്തുത പദ്ധതി പ്രകാരം വ്യക്തികളുടെ പേര്, മേൽവിലാസം എന്നിവ അടങ്ങുന്ന 13 ഘടകങ്ങൾ, ആധാർ നമ്പർ, വൈവാഹിക സ്ഥിതി, മതം, സാമൂഹിക വിഭാഗം, രക്തഗ്രൂപ്പ്, പ്രധാന ആരോഗ്യ പ്രശ്നങ്ങൾ, പ്രതിരോധ കുത്തിവയ്പ്പ് നിലവാരം, വൈകല്യങ്ങൾ, പുകവലി, മദ്യപാനം, ക്ഷയരോഗ നിർണ്ണയ സർവ്വെ, ആഹാര രീതി, മൊബൈൽ നമ്പർ, വോട്ടർ ഐ.ഡി, ഡ്രൈവിംഗ് ലൈസൻസ്, ജോലി, വിദ്യാഭ്യാസ നിലവാരം കൂടാതെ വ്യക്തികൾ ചികിൽസയ്ക്കായി ആശുപത്രിയിൽ എത്തുമ്പോൾ പ്രസ്തുത ചികിൽസാ വിവരങ്ങൾ കൂടി ആ രോഗിയുടെ രേഖയിൽ കൂട്ടിച്ചേർക്കപ്പെടും. ഫീൽഡ് സർവ്വെ വഴി ലഭ്യമാകുന്ന ആരോഗ്യ വിവരങ്ങളും ചികിൽസാ കേന്ദ്രത്തിലെ ചികിൽസാ വിവരങ്ങളും ഒരു വ്യതിരിക്ത നമ്പർ മുഖേന ഡിജിറ്റൽ രീതിയിൽ ബന്ധിപ്പിച്ച് ആരോഗ്യ സംബന്ധിയായ വിവരങ്ങളുടെ പൂർണ്ണത ഉറപ്പാക്കുകയും തുടർ ചികിൽസയ്ക്ക് പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. |
| സി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | സി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു<br>1. വിവര സാങ്കേതിക വിദ്യയുടെ സഹായത്താൽ കേരളത്തിലെ കേരളത്തിലെ പൊതുജനാരോഗ്യ സംബന്ധമായ വിവരങ്ങൾ ഒരു കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനത്തിൽ ലഭ്യമാക്കുക<br>2. സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളിലും ബന്ധപ്പെട്ട മറ്റു |

| | | | |
|---|---|---|---|
| | | | പൊതുജനാരോഗ്യ സ്ഥാപനങ്ങളിലും കമ്പ്യൂട്ടർ വൽകൃത സേവനങ്ങൾ ലഭ്യമാക്കുക<br>3. എല്ലാ അലോപ്പതി ആശുപത്രികളെയും ഒരു വൈഡ് ഏരിയ നെറ്റ് വർക്കിലൂടെ കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനവുമായി ബന്ധിപ്പിക്കുക<br>4. ആശുപത്രികളിൽ ചികിൽസ നടത്തുന്നവരുടെ ചികിൽസാ വിവരങ്ങൾ കമ്പ്യൂട്ടറിൽ സൂക്ഷിക്കുകയും പിന്നീട് തുടർ ചികിൽസയ്ക്കായി എത്തുമ്പോൾ അവ പ്രസ്തുത ആശുപത്രിയിലെ ഡോക്ടർമാർക്ക് അനായാസേന ലഭ്യമാക്കുകയും ചെയ്യുക. |

സെക്ഷൻ ഓഫീസർ